66 (462) വാളവയൽ പുല്ലുമല വാട്ടർ സപ്ലൈ സ്കീം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ വാളവയൽ പുല്ലുമല വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നതിനുവേണ്ടി അതോറിറ്റി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ വാളവയൽ, പുല്ലുമല എന്ന പേരിൽ ഒരു വാട്ടർ സപ്ലൈ സ്കീം ആസൂത്രണം ചെയ്തിട്ടില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

67 (463) കണ്ടന്തറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കണ്ടന്തറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ജലസേചന വകുപ്പ് വൈദ്യുതി ബോർഡിൽ പണം അടച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ സ്കീം എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 22.04.97-ലെ ജി.ഒ. (എം.എസ്)49/97/ഐ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ജലസേചനവകുപ്പ് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ ഒ.വൈ.ഇ.സി. സ്കീമിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പക്ഷെ മേൽപ്പറഞ്ഞ ഉത്തരവ് നടപ്പിലാക്കാൻ വൈദ്യുതിബോർഡ് ഇതുവരെ തയ്യാറായിട്ടില്ല. ആയതിനാൽ 13.04.99-ൽ ഗവൺമെന്റ്തലത്തിൽ നടന്ന മീറ്റിംഗിൽ ഈ പ്രശ്നം പരിഗണനയ്ക്ക് വരികയും മേൽപ്പറഞ്ഞ ഉത്തരവിൽ ഭേദഗതി വരുത്തി പവർ ഡിപ്പാർട്ടുമെന്റിൽനിന്നും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രമേ കണ്ടന്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly